**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 93** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സ്ത്രീ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീമതി.ഉമ തോമസ്, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ചില വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീകൾ കൂട്ടബലാൽസംഗമുൾപ്പെടെയുള്ള അതിക്രമങ്ങൾക്കിരയാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | വിനോദസഞ്ചാരമേഖലയിൽ വിനോദസഞ്ചാരികളായ സ്ത്രീകൾക്കെതിരെ കൂട്ടബലാത്സംഗം പോലുള്ള അതിക്രമങ്ങൾ ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കേരളത്തിൽ ഇത്തരം സംഭവങ്ങൾ താരതമ്യേന കുറവാണ്. എങ്കിൽ തന്നെയും വിനോദസഞ്ചാരികൾക്ക് നേരെ അത്തരം അതിക്രമങ്ങൾ ഉണ്ടാവാതിരിക്കുന്നതിന് വേണ്ടി പ്രതിജ്ഞാബദ്ധമാണ് ഈ സർക്കാർ. ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനു പുറമെ, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ, ടൂറിസം പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സ്ത്രീ സൗഹ്യദ വിനോദസഞ്ചാരം പ്രോത്സാഹിപ്പി ക്കുന്നതിനും വേണ്ടിയിട്ടുള്ള ഒരു ബ്രെയിൻ സ്റ്റോമിങ് വർക്ക്ഷോപ്പ് ഒക്ടോബർ മാസത്തിന് മുൻപായി സംസ്ഥാനത്തു നടത്തുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഒറ്റയ്ക്കും കൂട്ടായും സ്ത്രീ സഞ്ചാരികൾ എത്തുന്ന ട്രെൻഡ് വർധിച്ചുവരുന്ന സാഹചര്യത്തിൽ സുരക്ഷയുടെ കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ, പരിപാലനം എന്നിവയ്ക്കായി യുവജനങ്ങളെ നിയോഗിക്കുന്നതിന് യുവജന ക്ഷേമബോർഡിന്റെ സഹായത്തോടെ ഒരു പദ്ധതി ആലോചനയിലാണ്. ടൂറിസം ക്ലബ്ബുകളെയും ഇത്തരം |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്. |
| (ബി) | വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ബി) | വിനോദ സഞ്ചാര മേഖലയിലെ കുട്ടികളുടെ സുരക്ഷ ഒരു പ്രധാന അജണ്ടയായി ഏറ്റെടുത്തിട്ടുള്ള സംസ്ഥാനമാണ് കേരളം കുട്ടികൾക്കായുള്ള സുരക്ഷിതത്വത്തിനു വേണ്ടി സീറോ ടോളറൻസ് സോൺ ക്യാമ്പയിൻ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ആരംഭിച്ചിട്ടുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയു ള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും, മറ്റു ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിയിട്ടുണ്ട്. |
| (സി) | എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഇരുപത്തിനാല് മണിക്കൂറും വനിത പോലീസിന്റെ സാന്നിധ്യമുള്ള എയ്ഡ് പോസ്റ്റുകളും സി.സി.ടി.വി. ക്യാമറകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (സി) | ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിത മാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകളുമായി ചേർന്നു നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ